പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 529 — 04.07.2013-ലെ മറുപടിക്ക്.

## സമഗ്ര ആരോഗ്യ പദ്ധതിയിൽ അപകട മരണത്തിന് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ:<br>ഡോ. ടി. എം. തോമസ് ഐസക്:<br>ശ്രീ. പുരുഷൻ കടലുണ്ടി:<br>ശ്രീ. സി. കൃഷ്ണൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) മുൻവർഷം വരെ സമഗ്ര ആരോഗ്യ പദ്ധതിയിൽ അപകട മരണത്തിന് നഷ്ട പരിഹാരം നൽകി വന്നിരുന്നത് ഈ വർഷം മുതൽ ലഭ്യമാകാത്തിന്റെ കാരണം അറിയിക്കുമോ ; | (എ) ഈ വർഷവും ലഭ്യമാണ്. |
| (ബി) കഴിഞ്ഞ വർഷം പദ്ധതിക്കായി ടെൻഡർ ക്ഷണിച്ചത് ഇതൊഴിവാക്കിക്കൊണ്ടായിരുന്നോ; ദർഘാസ് വിജ്ഞാപനത്തിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) അല്ല. ഇതൊരു അധിക ആനുകൂല്യമാണ്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ടെൻഡർ ഡോക്യുമെന്റിൽ, അപകടമരണമുണ്ടായാൽ ധനസഹായം നൽകണമെന്ന് വ്യവസ്ഥയില്ല. ഇൻഷ്വറൻസ് കമ്പനികളുടെ ലേലതുക തുല്യമായി വരുന്ന പക്ഷം കമ്പനികൾ നൽകുന്ന അധിക ആനുകൂല്യ വാഗ്ദാനം അനുസരിച്ച് ലേലം ഉറപ്പിക്കാനുള്ള വ്യവസ്ഥയായാണ് അധിക ആനുകൂല്യം ടെൻഡർ ഡോക്യുമെന്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (സി) പദ്ധതി വ്യവസ്ഥകളിൽ തന്നിഷ്ട പ്രകാരം മാറ്റം വരുത്തിയ കമ്പനിക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത് ; | (സി) കമ്പനി തന്നിഷ്ട പ്രകാരം വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടില്ല. |
| (ഡി) പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയതിന് രാജസ്ഥാൻ സർക്കാർ കരിമ്പട്ടികയിൽപ്പെടുത്തിയ നിലവിലെ കമ്പനിക്ക്, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആഫീസ് വേണമെന്ന നിബന്ധനയിൽ ഇളവ് നൽകിയതിന്റെ കാരണം അറിയിക്കുമോ? | (ഡി) പ്രസ്തുത കമ്പനിയെ രാജസ്ഥാൻ സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതായി അറിവില്ല. എല്ലാ ജില്ലകളിലും ആഫീസ് വേണമെന്ന നിർബന്ധിത വ്യവസ്ഥയില്ല. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ